## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1437** **13.6.2014-ൽ മറുപടിക്ക്**

### അങ്കമാലി മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ട ഖരമാലിന്യ സംസ്കരണപദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | എ) & ബി) | അങ്കമാലി നഗരസഭയിൽ ഖരമാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരേക്കർ സ്ഥലം അയ്യായി പാടത്ത് വാങ്ങിയെങ്കിലും പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| ബി) | ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി നഗരസഭ സ്ഥലം വാങ്ങിയിരുന്നോ; | | |
| സി) | പ്രസ്തുത സ്ഥലം ഇപ്പോൾ എന്തിനായാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ? | സി) | പ്രസ്തുത സ്ഥലത്ത് റെയിൽവേ പുറമ്പോക്കിൽ താമസിച്ചിരുന്ന പതിമൂന്നോളം കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളതും ബാക്കി സ്ഥലം ഒഴിഞ്ഞുകിടപ്പുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ